പഴശ്ശിരാജയ്ക്ക് സ്മാരകം

109 (1672) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീര പഴശ്ശിരാജയ്ക്ക് എന്തെങ്കിലും സ്മാരകം നിർമ്മിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെ എന്ന് അറിയിക്കുമോ ;

(സി) അദ്ദേഹം അന്ത്യ വിശ്രമം കൊള്ളുന്ന മാനന്തവാടിയിൽ അദ്ദേഹത്തിന്റെ സ്മാരകം നിർമ്മിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലാത്ത പക്ഷം അദ്ദേഹത്തിന് സമുചിതമായ സ്മാരകം നിർമ്മിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) മാനന്തവാടി പഴശ്ശികുടീരം പ്രോജക്ടിൽ വീരപഴശ്ശിരാജ അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലം സ്മാരകമായി സംരക്ഷിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

തൃപ്പൂണിത്തുറ ഹിൽപാലസിന്റെ വികസനം

110 (1673) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ ഹിൽ പാലസിന്റെ വികസനത്തിനായി മുൻ സർക്കാരിന്റെ കാലത്ത് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ;

(ബി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഹിൽ പാലസിൽ എന്നാണ് ഹെറിറ്റേജ് മ്യൂസിയം ആരംഭിച്ചത് ;

(ഡി) ഹെറിറ്റേജ് മ്യൂസിയത്തിന്റെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം ഹിൽ പാലസ് പരിസരത്തിന്റെ വികസനത്തിനായി ഒരു സൊസൈറ്റി രൂപീകരിച്ചു. പ്രസ്തുത സൊസൈറ്റിയുടെ നിയന്ത്രണത്തിൽ ഹിൽപാലസ് പരിസരത്ത് കാടുകയറിക്കിടന്ന ജലധാരാ യന്ത്രങ്ങൾ വൃത്തിയായി പ്രവർത്തിപ്പിക്കുകയും ഒരു മാൻ പാർക്ക് ആരംഭിക്കുകയും ചെയ്തു. കൊച്ചി രാജവംശത്തിൽ നിന്നും ഏറ്റെടുത്ത കിരീടവും ആഭരണങ്ങളും സൂക്ഷിക്കുന്നതിനായി ഒരു സ്ട്രോഗ് റൂം നിർമ്മിക്കുവാനും കളഞ്ഞം പാലസിൽ സൂക്ഷിച്ചിരുന്ന കിരീടവും മറ്റും ഹിൽ പാലസിലെ സ്ട്രോംഗ് റൂമിലേക്ക് മാറ്റുന്നതിനും വേണ്ട നടപടി സ്വീകരിച്ചു. കൊട്ടാരത്തോടനുബന്ധിച്ച് നാശോന്മുഖമായി കിടന്ന നാലുകെട്ട് ശാസ്ത്രീയമായി സംരക്ഷിച്ച് അതിൽ കേരളത്തിലെ ആദ്യത്തെ ഹെറിട്ടേജ് മ്യൂസിയം സജ്ജീകരിച്ച് പൊതു ജനങ്ങൾക്കായി തുറന്നു കൊടുത്തു. കൊട്ടാര സമുച്ചയത്തിലെ മറ്റ് കെട്ടിടങ്ങളുടെ റെസ്റ്റോറേഷൻ പണികൾ നടത്തുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 9-8-1995-ൽ

(ഡി) ഹെറിട്ടേജ് മ്യൂസിയത്തിന്റെ വികസനത്തിനായി രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനായി ഒഴിഞ്ഞു കിടക്കുന്ന പ്രസ്തുത കെട്ടിടത്തിന്റെ ഭാഗങ്ങളിൽ കൺസർവേഷൻ പണികൾ നടത്തിവരുന്നു. അത് പൂർത്തിയാക്കിയാലുടൻ തന്നെ ടി മ്യൂസിയത്തിന്റെ രണ്ടാംഘട്ട പണികൾ ആരംഭിക്കുന്നതാണ്.

തൃപ്പൂണിത്തുറ ഹിൽ പാലസ്സിൽ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന പ്ലാനട്ടോറിയം

111 (1674) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ ഹിൽ പാലസ്സിൽ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന പ്ലാനട്ടോറിയം തുടങ്ങേണ്ടതില്ല എന്നു തീരുമാനിക്കാൻ കാരണമെന്താണ് ;

(ബി) ഇതു സംബന്ധമായി ജപ്പാനിലെ ഗോട്ടോ കമ്പനിയുമായി മുൻ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും കരാർ ഒപ്പു വച്ചിട്ടുണ്ടോ ;

(സി) കരാറിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) കരാറിൽ ആരെല്ലാമാണ് ഒപ്പു വച്ചിരിക്കുന്നത് ?

ഉത്തരം

(എ) ഹിൽ പാലസ് പ്രെമിസസ് ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ ഇവിടെ മറ്റെന്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് ഉചിതമായിരിക്കില്ല, എന്നതുകൊണ്ടാണ് പ്ലാനട്ടോറിയം പദ്ധതി സർക്കാർ ഉപേക്ഷിച്ചത്.

(ബി) ഉണ്ട്.

(സി&ഡി) കരാറിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ പ്രവർത്തന പുരോഗതി

112 (1675) ശ്രീ. കെ. എം. മാണി :
ശ്രീ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ പ്രവർത്തന പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ ?

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly